# പതിമൂന്നാം കേരള നിയമസഭ
## ഒമ്പതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 475 — 11.06.2013 ൽ മറുപടിയ്ക്ക്

## സഹകരണ ബാങ്കുകളിലെ വായ്പകളും എ.റ്റി.എം. സംവിധാനവും

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. മോൻസ് ജോസഫ് | ശ്രീ. സി. എൻ. ബാലകൃഷ്ണൻ<br>(സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്തെ സഹകരണ ബാങ്കുകളിൽ നിന്നുമെടുത്ത കാർഷിക വായ്പയുടെ പലിശ ഇളവ് നൽകുവാൻ സഹകരണ വകുപ്പിന് പ്രത്യേകം ധനസഹായം സർക്കാർ അനുവദിച്ചിട്ടുണ്ടോ; എങ്കിൽ എത്ര; വ്യക്തമാക്കാമോ; | (എ) സംസ്ഥാനത്തെ സഹകരണ ബാങ്കുകൾ വഴി വിതരണം ചെയ്യുന്ന ഹ്രസ്വകാല കാർഷിക വായ്പകൾ പലിശരഹിത വായ്പയായി നൽകുന്ന പദ്ധതി അംഗീകരിച്ച് നടപ്പിലാക്കിയിട്ടുണ്ട്. 2011-12 വർഷത്തെ ബഡ്ജറ്റ് പ്രസംഗത്തിൽ കൃത്യമായി കാർഷിക വായ്പ തിരിച്ചടക്കുന്നവർക്ക് പലിശ സബ്സിഡി നൽകുന്നതിനായി "ഉത്തേജന പലിശ ഇളവ് പദ്ധതി" പ്രകാരം പലിശ ഇളവ് നൽകുന്ന പദ്ധതി പ്രഖ്യാപിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്തെ സഹകരണ ബാങ്കുകൾ വഴി കാർഷികാവശ്യങ്ങൾക്കായി വിതരണം ചെയ്യുന്ന ഹ്രസ്വകാല വായ്പകൾ, കുടിശ്ശിക വരുത്താതെ തിരിച്ചടക്കുന്നവർക്ക് കേന്ദ്ര സർക്കാർ നൽകുന്ന പരമാവധി 3% പലിശ സബ്സിഡിയോടൊപ്പം സംസ്ഥാന സർക്കാരിന്റെ പരമാവധി 5% സബ്സിഡി വിഹിതം കൂടി നൽകി പൂർണ്ണമായും പലിശരഹിത വായ്പയായി നൽകുന്നതിനാണ് ടി പദ്ധതി. ഇതിനായി മൂന്ന് കോടി രൂപ സർക്കാർ അനുവദിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ബി) | സഹകരണ ബാങ്കുകൾ വിദ്യാഭ്യാസ ലോൺ ഇപ്പോൾ നൽകുന്നുണ്ടോ; എങ്കിൽ ആയതിന്റെ മാനദണ്ഡം വ്യക്തമാക്കാമോ; | (ബി) | സഹകരണ ബാങ്കുകൾ വിദ്യാഭ്യാസ ലോൺ ഇപ്പോൾ നൽകി വരുന്നുണ്ട്.<br><br>ബിരുദാനന്തര ബിരുദങ്ങൾ പോസ്റ്റ് ഗ്രാഡ്വേറ്റ് പ്രൊഫഷണൽ ഡിപ്ലോമകൾ, ഗവേഷണങ്ങൾ, മെഡിക്കൽ, എഞ്ചിനീയറിംഗ്, അഗ്രിക്കൾച്ചറൽ വെറ്റിനറി, നിയമം, ദന്തൽ, ബിസിനസ്സ് മാനേജ്മെന്റ്, കമ്പ്യൂട്ടർ, ഇൻഫർമേഷൻ ടെക്നോളജി, മീഡിയ, നഴ്സിംഗ്, പാരാമെഡിക്കൽ കോഴ്സുകൾ, ബിഫാം, ടൂറിസം, ഹോട്ടൽ മാനേജ്മെന്റ് തുടങ്ങി കേരളത്തിലെ യൂണിവേഴ്സിറ്റികൾ, സർക്കാർ/സർക്കാർ അംഗീകൃത കോളേജുകളിൽ/സ്ഥാപനങ്ങളിൽ പ്രവേശനം ലഭിച്ച വിദ്യാർത്ഥികൾക്ക് സഹകരണ ബാങ്കുകൾ വിദ്യാഭ്യാസ വായ്പ അനുവദിക്കുന്നുണ്ട്. ഇന്ത്യക്കകത്ത് പഠിക്കുന്ന വിദ്യാർത്ഥികൾക്ക് 10 ലക്ഷം രൂപ വരെയും വിദേശ പഠനത്തിന് 20 ലക്ഷം രൂപ വരെയുമാണ് വായ്പ അനുവദിക്കുന്നത്. കുടുംബ വാർഷിക വരുമാനം 4 ലക്ഷം രൂപ വരെയുള്ളവർക്ക് ഈടില്ലാതെ പരമാവധി 4.50 ലക്ഷം രൂപ വരെ വിദ്യാഭ്യാസ വായ്പ അനുവദിക്കുന്നു. അതിന് മുകളിൽ വായ്പ ആവശ്യമുള്ളവർക്ക് വാർഷിക വരുമാനം 4 ലക്ഷം രൂപയിലധികരിക്കുന്നവർക്ക് മാത്രമേ സഹകരണ ബാങ്കുകൾ വിദ്യാഭ്യാസ വായ്പകൾക്ക് ഈട് നിഷ്കർഷിക്കാറുള്ളൂ. സഹകരണ ബാങ്കുകൾ മുഖേന വിതരണം ചെയ്യുന്ന വിദ്യാഭ്യാസ വായ്പകൾ കോഴ്സ് തീർന്ന് 6 മാസത്തിനുശേഷമോ ജോലി ലഭിച്ച് മൂന്ന് മാസത്തിനു ശേഷമോ ഏതാണ് ആദ്യം വരുന്നത് അന്നുമുതൽ വായ്പാ തിരിച്ചടവ് തുടങ്ങിയാൽ മതിയാകുന്നതാണ്. |
| (സി) | സഹകരണ ബാങ്കുകളിൽ എ.റ്റി.എം. സംവിധാനം ഏർപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ഇതിന്റെ പ്രധാന തടസ്സം വ്യക്തമാക്കാമോ? | (സി) | സഹകരണ മേഖലയിൽ ത്രിതലത്തിൽ പ്രവർത്തിക്കുന്ന സഹകരണ ബാങ്കുകളിൽ ആധുനിക ബാങ്കിംഗ് എ.റ്റി.എം. സൗകര്യം ഉൾപ്പെടുന്ന കോർ ബാങ്കിംഗ് സിസ്റ്റമാണ് ഏർപ്പെടുത്താൻ നടപടി സ്വീകരിച്ചു വരുന്നത്.<br><br>ബാങ്കുകളുടെ സാമ്പത്തിക സ്ഥിതിയും, പ്രവർത്തന മേഖലയും, ഇടപാടുകാരുടെയും അംഗങ്ങളുടെയും, ആവശ്യകതയും |

കണക്കിലെടുത്ത് എ.റ്റി.എം. സൗകര്യം ഏർപ്പെടുത്തുവാൻ നടപടി സ്വീകരിക്കേണ്ടത് അതാത് ബാങ്കുകളുടെ ഭരണസമിതിയാണ്.

സെക്ഷൻ ഓഫീസർ